# സന്ദേശനിലയം

## ചങ്ങനാശേരി അതിരൂപത

## സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ

Date: 01.02.2026
2.00 PM -4.00 PM

ക്ലാസ്സ് - VIII

മാർക്ക് : 50

**I. ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക** **1X10=10**

1. മാർത്തോമ്മാശ്ലീഹാ മരിച്ച വർഷം.
   (ഏ. ഡി. 52, ഏ. ഡി. 72, ഏ. ഡി. 42)
2. .......................... ലാണ് ഉദയംപേരൂർ സൂനഹദോസ് ആരംഭിച്ചത് ?
   (1588 ജൂൺ 20, 1599 ജൂൺ 10, 1599 ജൂൺ 20)
3. നമ്മെ വിശുദ്ധീകരിക്കുന്നതിനുള്ള ഉപാധികളാണ് ?
   (നേർച്ചകൾ, ദാനധർമ്മം, കൂദാശകൾ)
4. ഭാരതത്തിലെ ആദ്യത്തെ ക്രൈസ്തവർ ആരായിരുന്നുവെന്നാണ് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നത്?
   (സിറിയാക്കർ, മലബാറുകാർ, യഹൂദന്മാർ)
5. സി. ബി. സി. ഐ. യുടെ ഇപ്പോഴത്തെ അധ്യക്ഷൻ ?
   (മാർ തോമസ് തറയിൽ, മാർ ജോർജ്ജ് ആലഞ്ചേരി, മാർ ആൻഡ്രൂസ് താഴത്ത്)
6. ദൈവഹിതം ജനങ്ങളെ അറിയിക്കുന്നവൻ ആരാണ് ?
   (വിശുദ്ധൻ, വൈദികൻ, പ്രവാചകൻ)
7. പാശ്ചാത്യ സഭയിൽ നിന്നും മിഷനറി പ്രവർത്തനത്തിനായും പേപ്പൽ പ്രതിനിധിയായും ഭാരതത്തിലെത്തിയ പ്രേക്ഷിത തീക്ഷണത നിറഞ്ഞ ഈശോസഭാ വൈദികൻ ?
   (വി. ഫ്രാൻസീസ് അസീസി, വി. ചാവറയച്ചൻ, വി. ഫ്രാൻസീസ് സേവ്യർ)
8. നന്മ ചെയ്തവരും തിന്മചെയ്തവരും പൂർണ്ണമായി വേർതിരിക്കപ്പെടുന്ന് എപ്പോഴാണ് ?
   (മരണം, ശുദ്ധീകരണസ്ഥലം, അന്ത്യവിധി)
9. പുരാതനമായ എത്ര ആരാധനക്രമപാരമ്പര്യങ്ങൾ തിരുസഭയിലുണ്ട് ?
   (5, 1, 6)
10. ................................. അടിത്തറമേലാണ് ഈശോ തന്റെ സഭയെ സ്ഥാപിച്ചത് ?
    (വൈദികർ, അല്മായർ, ശ്ലീഹന്മാർ)

**II. ചേരുംപടി ചേർത്തെഴുതുക** **1X5=5**

| | | |
|---|---|---|
| 11. മംഗളവാർത്ത | - | സാർവത്രികം |
| 12. കാതോലികം | - | റോമൻ |
| 13. മാർപാപ്പ | - | ഫ്രാൻസീസ് സേവ്യർ |
| 14. പാശ്ചാത്യസഭ | - | പത്രോസ് |
| 15. ഈശോസഭ | - | മാർച്ച് 25 |
| | - | സീറോമലങ്കര |

**III. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **2X3=6**

16. സഭ കാതോലികമാണ് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
17. എന്താണ് സാർവത്രിക സൂനഹദോസുകൾ ?
18. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ ദൗത്യങ്ങളേവ ?

*P.T.O*

**IV. വിശുദ്ധഗ്രന്ഥം അടിസ്ഥാനമാക്കി ഉത്തരമെഴുതുക** **3X3=9**

19. ''എനിക്ക് മനസ്സുണ്ട്. നിനക്ക് ശുദ്ധിവരട്ടെ'' (മത്താ. 8 : 3). സന്ദർഭം കുറിക്കുക.
20. ''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു'' (യോഹ. 20 : 21). ലോകത്തിൽ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുവാനുള്ള ഈ ദൗത്യത്തിൽ വിദ്യാർത്ഥികളായ നിങ്ങൾ എങ്ങനെ പങ്കുചേരും ?
21. ''ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ'' (ലൂക്കാ 1 : 38). ദൈവഹിതം നിറവേറ്റാൻ ഒരവസരം ലഭിക്കുമ്പോൾ ദൈവത്തിന് നന്ദിയർപ്പിച്ചുകൊണ്ടുള്ള ഒരു പ്രാർത്ഥന തയ്യാറാക്കുക.

**V. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** **4X3=12**

22. വൈദിക, സന്യാസ, അല്മായ ജീവിതാന്തസ്സുകളുടെ കടമകൾ നിർവ്വഹിച്ചുകൊണ്ട് വിശുദ്ധി പ്രാപിച്ച ഒരു വിശുദ്ധനെക്കുറിച്ചെഴുതുക ?
23. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാകാനുമുള്ള വിളിയാണ് പ്രവാചകന്റേത് ? വിശദമാക്കുക.
24. എന്താണ് ശുദ്ധീകരണ സ്ഥലം ? മരിച്ചുപോയ വിശ്വാസികളെ നമുക്ക് എങ്ങനെ സഹായിക്കാം ?

**VI. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക** **8X1=8**

25. സഭയുടെ മക്കൾ എന്ന നിലയിൽ സഭയുടെ പ്രേഷിതദൗത്യത്തിൽ നമുക്കെങ്ങനെ പങ്കുചേരാം. വിശദീകരിക്കുക.
26. നാം വിശുദ്ധരാകണമെന്നത് ദൈവഹിതമാണ്. കൂദാശകൾ, കൂദാശാനുകരണങ്ങൾ, പ്രാർത്ഥന, ഉപവാസം എന്നിവയാൽ വിശുദ്ധരാകാൻ നാം എന്തൊക്കെ ചെയ്യണം ? വിശദീകരിക്കുക.